# വാഗ്ദത്തം പാലിച്ചു.

(മിസ്സ് ഹബ്ഷാബീവി മരയ്ക്കാർ, വിദ്യാർത്ഥിനി, മദ്രാസ് മെഡിക്കൽകാളേജ്.

ഇസ്ലാംസാമ്രാജ്യത്തിൻെറ തലസ്ഥാനമായ മദീനയിൽ ഉമറുബ്നുൽ ഖത്താബ് (റ) ഖലീഫയായി രാജ്യഭാരം ചെയ്യുന്ന ആ കാലത്താണ് അടിയിൽ വിവരിക്കുന്ന കഥ നടന്നതു്. മക്കയിൽനിന്നു മദീനയിലേക്കുള്ള വഴിയിൽ ഒരു ഭാഗത്തായി ഈന്തപ്പനകൾ സമൃദ്ധിയായി വളൎന്നുകൊണ്ടിരുന്ന ഒരു ചെറിയ കൃഷിസ്ഥലം ഉണ്ടായിരുന്നു. അതിൻെറ സമീപത്തുകൂടി ശുദ്ധജലം നിറഞ്ഞ ഒരു അരുവി ഒഴുകിയിരുന്നതു് അതിലെ സാധാരണ യാത്ര ചെയ്തുകൊണ്ടിരുന്ന പാന്ഥന്മാൎക്ക് ഒരനുഗ്രഹമായിരുന്നതിനാൽ പരമകാരുണികനായ അല്ലാഹുവിനെ അവർ സ്തുതിച്ചുപോന്നു. അവർ അവിടെ എത്തുമ്പോൾ ഒട്ടകങ്ങളുടെ പുറത്തുള്ള ഭാരം ഇറക്കിയശേഷം അവയെ മേയുവാൻ അനുവദിച്ചിട്ടു് വൃക്ഷത്തണലിൽ ഇരുന്നു മന്ദമാരുതനേറ്റു് ശുദ്ധജലപാനത്താൽ ദാഹശമനവും വരുത്തി പരസ്പരം കഴിവുള്ള എല്ലാ സഹായങ്ങളും ചെയ്തു് ആനന്ദമായി ഏതാനും സമയം കഴിച്ചുകൂട്ടുക എന്നതു് അവരുടെ പതിവായിരുന്നു. ഈ സ്ഥലത്തു് അവിടവിടെയായി നിന്നിരുന്ന വൃക്ഷങ്ങളുടെയിടയിൽ ആ ഭാഗത്തിൻെറ ഉടമസ്ഥനായ ഷെയിഖിൻെറ പാട്ടക്കാരുടെ ചെറുകുടിലുകൾ കാണ്മാനുണ്ടായിരുന്നു ഈ ചെറുഭവനങ്ങളുടെ മദ്ധ്യത്തിൽ ഭേദപ്പെട്ട ഒരു തോട്ടത്തിൽ ആയിരുന്നു ഷൈഖിൻെറ ഭവനം സ്ഥിതിചെയ്തിരുന്നതു്.

ഈ ഭാഗത്തു് എവിടെ നോക്കിയിരുന്നാലും സംതൃപ്തിയുടെ ഒരു ലക്ഷണം പ്രത്യേകം കാണാമായിരുന്നു. ഈ കഥ നടക്കുന്ന ദിവസം ഉച്ചവരെ യാതൊരു പ്രത്യേക സംഭവങ്ങളും ഉണ്ടായില്ല. അന്നുച്ചയ്ക്കു് ഒട്ടകത്തിൻെറ പുറത്തു യാത്രചെയ്തുകൊണ്ടു് ഒരു യുവാവു് അവിടെ എത്തി. കുറച്ചു വിശ്രമിക്കാമെന്നുദ്ദേശിച്ചു് അയാൾ അവിടെ ഇറങ്ങി. ഒട്ടകത്തെ മേയുവാൻ വിട്ടിട്ടു് അരുവിയുടെ അടുത്തുണ്ടായിരുന്ന ഒരു വൃക്ഷത്തണലിൽ വിശ്രമിക്കുവാനായി കിടന്നു. നല്ല കാററും വഴിയാത്രയുടെ ക്ഷീണവും ഒത്തുചേൎന്നപ്പോൾ അയാൾ സുഖമായി ഉറങ്ങിത്തുടങ്ങി. ആ സമയം കൊണ്ടു് അയാളുടെ ഒട്ടകം കണ്ണിൽകണ്ട പച്ചിലകൾ എല്ലാം തിന്നുകൊണ്ടു് നടന്നിരുന്നു. നിൎഭാഗ്യവശാൽ ഒടുവിൽ ആ മൃഗം ഷൈഖിൻെറ തോട്ടത്തിൽ എത്തി അവിടെ ഉണ്ടായിരുന്ന മുന്തിരിച്ചെടികളെ നശിപ്പിക്കുവാൻ തുടങ്ങി. തോട്ടം സൂക്ഷിപ്പുകാരനായ ഒരു മുസ്‌ലിം അപ്പോൾ പള്ളിയിലെ ഉപയോഗത്തിനുവേണ്ടി ഒരു പായ് നെയ്തുകൊണ്ടിരിക്കയായിരുന്നു. അയാൾ തിരിഞ്ഞുനോക്കിയപ്പോൾ യജമാനൻെറ ചെടികൾ ഒട്ടകം നശിപ്പിച്ചിരിക്കുന്നതായിക്കണ്ടു. ഉടൻതന്നെ അയാൾ വന്നു് ഒട്ടകത്തെ ഓടിച്ചു. എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ ആ മൃഗം വീണ്ടും എത്തി. ഈ പ്രാവശ്യവും അയാൾ അതിനെ ഓടിച്ചു പുറത്താക്കി. വീണ്ടും ആ ജന്തു തോട്ടത്തിൽ പ്രവേശിക്കയാണുണ്ടായതു്. ഈ പ്രാവശ്യം അയാൾ ഒട്ടകത്തെ വടികൊണ്ടു് അടിക്കയാൽ അതു നിലത്തുവീണു ചാവുകയാണുണ്ടായതു്.

ഈ സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ ഒട്ടകത്തിൻെറ ഉടമസ്ഥനായ യുവാവു് നിദ്രയിൽ ലയിച്ചിരിക്കയായിരുന്നു. അയാളുടെ ഒട്ടകത്തിനു സംഭവിച്ച വിപത്തിനെപ്പററി അയാൾ യാതൊന്നും അറിഞ്ഞിരുന്നില്ല. കുറച്ചു കഴിഞ്ഞു് അയാൾ ഉണൎന്നു. സമയം വൈകിയിരുന്നതിനാൽ ചൂടു കുറവുള്ളതായി കണ്ടു. പുറപ്പെടാൻ ആ സമയം വളരെ അനുകൂലമായിരുന്നുവെങ്കിലും ഒരു യഥാൎത്ഥമുസ്‌ലിം ആയിരുന്ന അയാൾ നമസ്കാരത്തിനു ശേഷമാകട്ടെ യാത്ര എന്നു തീൎച്ചപ്പെടുത്തി. നദിയിൽ ഇറങ്ങി ദേഹശുദ്ധി വരുത്തി നമസ്കാരകൎമ്മവും കഴിച്ചു. ആ സ്ഥലത്തു ആ സമയത്തു് അതുപോലെയുള്ള സൌകൎയ്യം നൽകിയതിനായിക്കൊണ്ടു് പരമകാരുണികനായ അല്ലാഹുവിനെ സ്തുതിച്ചു. പിന്നീടു യാത്രയ്ക്കു തയാറാവുകയും ചെയ്തു. എന്നാൽ ഒട്ടകത്തെ അവിടെ എങ്ങും കാണാതെപോയതിൽ അയാൾ വല്ലാതെ പരിഭ്രമിച്ചു. അതിനെ അന്വേഷിച്ചു പുറപ്പെട്ടപ്പോൾ അതു ഷൈഖിൻെറ തോട്ടത്തിൽ ചത്തു കിടക്കുന്നതായി കാണപ്പെട്ടു. ഈ കാഴ്ച യുവാവിനെ വല്ലാതെ ദുഃഖിപ്പിച്ചു.

ഒട്ടകത്തിനെ കൊന്ന തോട്ടക്കാരൻ നടന്ന സംഭവങ്ങൾ എല്ലാം വിവരിച്ചു പറഞ്ഞു. "എൻെറ സഹോദര; എനിക്കു മാപ്പുതരിക. ഇതു് അബദ്ധത്തിൽ പററിപ്പോയതാണ്". ഇതിനെ ഉപദ്രവിക്കണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഒട്ടകം തോട്ടത്തിൽകടന്നു് വിളവു നശിപ്പിച്ചു. അതിനെ ഓടിച്ചുവിടണമെന്നു മാത്രമെ എനിക്കു വിചാരമുണ്ടായിരുന്നുള്ളു. രണ്ടുപ്രാവശ്യം ഓടിച്ചു. മൂന്നാം പ്രാവശ്യവും അതുവന്നു. അപ്പോൾ അടിച്ച അടി മരണത്തിനു കാരണമാക്കി. വശാൽ പററിപ്പോയതാകകൊണ്ടു് മാപ്പുതരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു." ഈ അപേ



ക്ഷ കേൾക്കുവാൻപോലും ശക്തനല്ലാത്തവിധത്തിൽ യുവാവ് വ്യസനംകൊണ്ടു് മതിമറന്നവനായിത്തീർന്നിരുന്നു. അയാൾക്കു വളരെഅധികം കോപവുമുണ്ടായി. വിറയ്ക്കുന്ന ശരീരത്തോടുകൂടി ആ വൃദ്ധനെ കഴുത്തിനുപിടികൂടി "എടാ വിഡ്ഢി! എൻെറ ഒട്ടകത്തിനെ തൊടാൻ നിനക്കു് എങ്ങനെ ധൈര്യമുണ്ടായി" എന്നു ചോദിച്ചുകൊണ്ടു അയാളെ വല്ലാതെ ഒന്നു കുടഞ്ഞുവിട്ടു. സാധു താഴത്തുവീണ ഉടൻ തന്നെ മരിച്ചുപോകയുംചെയ്തു.

കോപം ഒട്ടു ശമിച്ചപ്പോൾ ആ യുവാവു് ചെയ്തുപോയ അപരാധംഓർത്തു വിഷണ്ണനായി നിന്നുപോയി. അയാൾക്കു വളരെ പശ്ചാത്താപമുണ്ടായി. അയാൾ ഒരു സഹജീവിയെ കൊലചെയ്തതിലും തന്മൂലം ഇസ്ലാമിലെ പരിശുദ്ധനിയമത്തെ ലംഘിച്ചതിലും അദ്ദേഹം വളരെ പരിതപിച്ചു. പരിശുദ്ധനബി മക്കയിലേക്കുള്ള അദ്ദേഹത്തിൻെറ അവസാനതീർത്ഥയാത്രാസമയത്തു ഇസ്ലാംലോകത്തിനു നൽകിയ ഉപദേശം അദ്ദേഹത്തിൻെറ സ്മൃതിപഥത്തിൽ എത്തി. അതിങ്ങനെ ആയിരുന്നു "ജനങ്ങളേ, നിങ്ങൾ ഞാൻ പറയുന്നതിനെ ശ്രദ്ധിച്ചുകേൾക്കുക. നിങ്ങളുടെ ജീവിതവും വസ്തുവകകളും പാവനവും പരിശുദ്ധവുമായിരിക്കട്ടെ. അവയെ സംബന്ധിച്ച നിയമത്തെ നിങ്ങൾ പരസ്പരം ലംഘിക്കരുതു്." ഈ വാക്കുകൾ ആ സമയത്തു് യുവാവിൻെറ ചെവിയിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു. അവൻ ഇസ്ലാമിൻെറ ഒരു നികൃഷ്ടസന്താനവും വിശ്വാസവഞ്ചകനുമാണെന്നു സ്വയമേവ വിചാരിച്ചു. ഒരു സോദരൻെറ ജീവഹാനി വരുത്തരുതെന്നു", ഓരോ മുസ്ലിമിലും നബി നിക്ഷേപിച്ചിരുന്ന വിശ്വാസത്തെ അയാൾ അതിലംഘിച്ചിരിക്കുന്നു. പശ്ചാത്തപിച്ചിട്ടു് ഫലമില്ലാത്തവിധം സംഭവം നടന്നുകഴിഞ്ഞുവല്ലോ. ഇനി ചിന്തിക്കുവാനുള്ളതു് അടുത്തപടി എന്തുചെയ്യണമെന്നുള്ളതുമാത്രമാണു്. ഈ സംഭവം കണ്ടവരായി അവിടെങ്ങും ആരും ഉണ്ടായിരുന്നില്ല. അതുകൊണ്ടു് ശിക്ഷയിൽ നിന്നു രക്ഷപെടുവാനായി അവിടെനിന്നും ഓടിക്കളയുവാൻ നല്ല സൗകര്യമായിരുന്നു. അവിടെനിന്നാൽ മരണം നിശ്ചയവുമാകുന്നു. ഈ സന്ദർഭത്തിൽ ആ യുവാവു് എന്താണു ചെയ്യേണ്ടതു്. ആത്മരക്ഷാർത്ഥം അവിടെനിന്നും ഓടിക്കളകയാണു വേണ്ടതെന്നു സഹജമായ ഒരു ഭീരുത്വം ആദ്യം ഉണ്ടായി എങ്കിലും, ഒരിക്കലും അപ്രകാരം ചെയ്യരുതെന്നു മനോമുകുരത്തിൽനിന്നു ഒരു അഭിപ്രായം പുറപ്പെട്ടു. കോപമുണ്ടാകുമ്പോൾ അതിനു വഴിപ്പെട്ടു അവിവേകം പ്രവർത്തിക്കുന്നതു് ഒരു മുസ്ലീമിനു യോജിച്ചതല്ല. അതു കേവലം ഭ്രാന്തന്മാരുടെ പ്രവൃത്തിയാകുന്നു. എന്നാൽ ബുദ്ധിശൂന്യനായ ഒരു മുസ്ലിമായാലും അവൻ കേവലം നിചനായിത്തീരരുതു്. രാജ്യത്തു നിലവിലിരിക്കുന്ന നിയമത്തിൽനിന്നു് ചതിവിൽ രക്ഷപെടുന്നതു് ഉചിതമല്ല. ഉചിതമല്ലാത്ത ഒരു പ്രവൃത്തി, ഒരു ചതിവു്, ഒരു മുസ്ലിം ഒരിക്കലും ചെയ്യരുതാത്തതാകുന്നു. ഈ വിചാരത്താൽ പ്രേരിതനായി യുവാവു് ഷെയിഖിൻെറ വസതിയിൽ എത്തി ചെയ്തുപോയ അപരാധം ഏററുപറഞ്ഞു.

മുമ്പു സൂചിപ്പിച്ചതുപോലെ അന്നു് ഉമറു് ഇബിനു ഖത്താഫ് (റ) ഇസ്ലാമിൻെറ ഖലീഫയായിരിക്കുന്ന കാലമായിരുന്നു. അദ്ദേഹത്തിൻെറ നിഷ്പക്ഷമായ നീതിപരിപാലനം പ്രസിദ്ധവുമായിരുന്നല്ലോ. അദ്ദേഹത്തിന്നു് നീതിപരിപാലനത്തിൽ വലിയവനെന്നോ ചെറിയവനെന്നോ, സ്നേഹിതനെന്നോ ശത്രുവെന്നോ ഉള്ള ഭേദം അശേഷമുണ്ടായിരുന്നില്ല. കുററക്കാരനെന്നു കണ്ടപ്പോൾ സ്വപുത്രനെ മരിക്കുന്നതുവരെ അടിക്കുവാൻ വിധികല്പിച്ചിട്ടുണ്ടു്. അങ്ങനെയുള്ള ഒരു കോടതിയിലേക്കാണു് കുററക്കാരനായ നമ്മുടെ യുവാവിനെ വിസ്താരത്തിനായി ഷൈഖ് അയച്ചതു്. മരിച്ച തോട്ടക്കാരൻെറ രണ്ടു പുത്രന്മാരേയും അയാളോടൊപ്പം അയിച്ചിരുന്നു.

അവരുടെ ക്ലേശകരമായ യാത്രയ്ക്കുശേഷം അവർ മദീനയിൽ എത്തി, ഖലീഫയുടെ മുമ്പാകെ പരാതിബോധിപ്പിക്കയും ചെയ്തു. ഉമർ (റ) വിചാരണചെയ്തിരുന്ന കോടതി ഇന്നത്തേ കോടതികളെപ്പോലെ ആചാരാഡംബരങ്ങളോടുകൂടിയതായിരുന്നില്ല. ഇസ്ലാമിൻെറ ആ സുവർണ്ണകാലത്തു് എവിടേയും അനാഡംബരമെ കാണാനുണ്ടായിരുന്നുള്ളു. കോടതി ഓലമേഞ്ഞ ഒരു പള്ളിയായിരുന്നു. ജഡ്ജിക്കു് പ്രത്യേക ഉടുപ്പുകളോ തൊപ്പികളോ ഉണ്ടായിരുന്നില്ല. തുന്നിച്ചേർത്തതെങ്കിലും പരിശുദ്ധമായ വസ്ത്രവും അണിഞ്ഞു് മഹാനായ ഖലീഫ് ഒരു ബഞ്ചിൽ ഇരിക്കുകയാണു പതിവു്. എങ്കിലും അദ്ദേഹത്തിൻെറ സന്നിധിയിൽ അപരാധികൾ പേടിച്ചു വിറച്ചുപോകുമായിരുന്നു. അദ്ദേഹത്തിൻെറ നിഷ്പക്ഷമായ നീതിന്യായപരിപാലനം ബലഹീനന്മാർക്കു രക്ഷയും കുററക്കാർക്കു ഭീതിയും നൽകിയിരുന്നു. വിചാരണയിൽ പങ്കുകൊണ്ടു് കേസ്സിനെ സംബന്ധിച്ചു് അഭിപ്രായം പറഞ്ഞുവരാറുള്ള ജൂറിമാരും വലിയ പ്രതാപമുള്ള ആളുകളായിരുന്നില്ല. നമസ്കാരത്തിനായി പള്ളിയിൽകൂടുന്ന ഭക്തന്മാരായ മുസ്ലിംകളാണു് ഈ ജൂറികൾ. അവർ എല്ലാം ദൈവഭക്തന്മാരും നീതിന്യായപരിപാലനത്തിലും നിഷ്കപടമായ പെരുമാററത്തിലും പ്രത്യേകം താല്പര്യമുള്ളവർതന്നെ ആയിരുന്നു.

ഇപ്രകാരമുള്ള നീതിമാന്മാരായ ജഡ്ജിയുടേയും ജൂറിമാരുടേയും മുമ്പിലാണു് തോട്ടംസൂക്ഷിപ്പുകാരനായ വൃദ്ധനെ കൊന്നതിനായി യുവാവിനെ ഹാജരാക്കിയതു്. അനന്തരം വൃദ്ധൻെറ മകൻ ഇങ്ങനെ ബോധിപ്പിച്ചു. "അല്ലാഹുവിൻെറ ഖലീഫയേ, ഈ യുവാവു് യാത്രാമദ്ധ്യേ വിശ്രമത്തിനായി ഞങ്ങളുടെ താമസസ്ഥലത്തിനടുത്തു് ഇറങ്ങി. ഉറങ്ങിയഅവസരത്തിൽ അയാളുടെ ഒട്ടകം ഷൈഖിൻെറ തോട്ടത്തിൽ കയറി വിളവുകൾ നശിപ്പിച്ചു. രണ്ടു പ്രാവശ്യം പിതാവു് അതിനെ ഓടിച്ചുകളഞ്ഞു. മൂന്നാം പ്രാവശ്യം അതിനെ അടിച്ചതു് എവിടെയോകൊണ്ടു് അതു ചത്തുപോയി. അതിനെ കൊല്ലണമെന്നു് [illegible] അതിനു അശേഷം വിചാരമില്ലായിരുന്നു. അദ്ദേഹം സ്വന്തജോലി നിർവ്വഹിച്ചുവെന്നേയുള്ളു. ഷെയിഖ് ശമ്പളംകൊടുത്തു തോട്ടംസൂക്ഷിക്കാനായി അദ്ദേഹത്തെ ചുമതലപ്പെടുത്തിയിരിക്കയായിരുന്നു അതനുസരിച്ചു് ജോലിചെയ്തതുമാത്രം. ഈ സംഭവങ്ങൾ നടക്കുമ്പോൾ ഈയാൾ ഉറങ്ങുകയായിരുന്നു. സംഭവങ്ങൾഒന്നും അയാൾ അറിഞ്ഞിരുന്നില്ല. തന്നിമിത്തം എൻെറ പിതാവിനു കൃത്യം ഏററുപറയാതെ നിരസിക്കാമായിരുന്നു. കണ്ടതായി സാക്ഷികളുമില്ല. എന്നാൽ അദ്ദേഹം ഒരു യഥാർത്ഥമുസ്ലിമും, നബിയുടെ ഒരു പിൻഗാമിയുമായിരുന്നതുനിമിത്തം, കളവുപറഞ്ഞു് ഇസ്ലാമിൻെറ പാവനമായ ആദർശത്തേയും, നബിയുടെ നാമത്തേയും കളങ്കപ്പെടുത്തുവാൻ ഒരുമ്പെട്ടില്ല. ഫലേച്ഛകൂടാതെ ഒരു മുസ്ലിം എപ്പോഴും സത്യംമാത്രമെ പറയാവു എന്നു് അദ്ദേഹം ഞങ്ങളോടു് പലപ്പോഴും പറയാറുണ്ടായിരുന്നു. നബിയുടെ സ്വഭാവത്തിൽ സത്യസന്ധത ഏററവും പ്രാധാന്യമേറിയ ഒരു ഗുണമായിരുന്നുഎന്നു് അദ്ദേഹം എപ്പോഴും വിശ്വസിച്ചിരുന്നു. നബി ദീർഘദർശി എന്നു ജനങ്ങൾ വിശ്വസിച്ചുതുടങ്ങുംമുമ്പുതന്നെ അദ്ദേഹം 'അൽഅമീൻ,' വിശ്വസ്ഥൻ എന്നു് അറിയപ്പെട്ടിരുന്നു. അപ്രകാരം വിശ്വസിച്ചിരുന്ന ഞങ്ങളുടെ പിതാവു് സ്വന്തനന്മയെ ഉദ്ദേശിച്ചു് കളവുപറയുവാൻ തുനിയുന്നതല്ലല്ലോ. അദ്ദേഹം ഈ ആളിൻെറ അടുക്കൽ നടന്ന സം

ഭവം വിവരമായി പറഞ്ഞുകേൾപ്പിക്കയും ദുഃഖം പ്രദർശിപ്പിക്കയും ചെയ്തു. എന്നാൽ ഈ മനുഷ്യനാകട്ടെ അദ്ദേഹം ഏററുപറഞ്ഞതിനെയാകട്ടെ, പശ്ചാത്താപത്തെയാകട്ടെ വകവയ്ക്കാതെ വധിക്കുകയാണുണ്ടായതു്.

ഈ കഥ വിവരിച്ചു പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അവിടം നിശ്ശബ്ദമായിരുന്നു. ആ നിശ്ശബ്ദതയെ ഭംഗംചെയ്തുകൊണ്ടു് ഏററവും വ്യക്തമായ സ്വരത്തിൽ ജഡ്ജി ഇങ്ങനെ ചോദിച്ചു.

“നിങ്ങൾക്കു മറുപടിയായി വല്ലതും പറയാനുണ്ടോ?” അതിനുത്തരമായി യുവാവു് ഇങ്ങനെ പറഞ്ഞു. “എനിക്കു് ഒന്നുംതന്നെ പറയുവാനില്ല. ഞാൻ പ്രവത്തിച്ചുപോയതിനെക്കുറിച്ചു് എനിക്കു ലജ്ജയും ദുഃഖവുമുണ്ടു്. അതിൻെറ പ്രതിവിധിയായി ജീവൻപോലും ഉപേക്ഷിക്കുവാൻ ഞാൻ ബാദ്ധ്യസ്ഥനാണു്. ഏററവും മനസ്താപപ്പെടുന്നതു ഞാൻ ഇസ്ലാമിനെ വഞ്ചിച്ചല്ലോ എന്നു് ഓത്തിട്ടാകുന്നു. ഇസ്ലാമിൻെറ പരിശുദ്ധ ആദർശത്തെ ഞാൻ വിഗണിച്ചു. ഒരു മുസ്ലിം പ്രായപൂത്തിയുള്ള ആളിനെ ബഹുമാനിക്കേണ്ടതാണെന്നു നബി പഠിപ്പിച്ചിരിക്കുന്നു. നബിയുടെ അവസാനദൌത്യവും ഈ വിഷയത്തെ സംബന്ധിച്ചായിരുന്നു. ഞാൻ ഇതിനെ എല്ലാം അവഗണിച്ചു. വൃദ്ധനെ ബഹുമാനിക്കേണ്ടതിനു പകരം ഞാൻ ബുദ്ധി നശിച്ചു് അദ്ദേഹത്തിൻെറ വധത്തിനു കാരണമാകുകയാണു ചെയ്തതു്. ഞാൻ കുററക്കാരനെന്നു സമ്മതിക്കയല്ലാതെ എനിക്കു മററൊന്നും പറയുവാനില്ല. ഞാൻ കുററക്കാരൻ തന്നെ.”

പള്ളിയിൽ കൂടിയിരുന്നവരെല്ലാം യുവാവു് കൃത്യം ഏററു പറഞ്ഞതു കേട്ടപ്പോൾ വളരെ അത്ഭുതപ്പെട്ടു. മരണം വരിക്കേണ്ടിവരുമ്പോഴും സത്യംതന്നെ പറയേണ്ടതാണെന്നുള്ള ഇസ്ലാമികനിയമപ്രകാരം വാസ്തവം പറഞ്ഞ യുവാവിൻെറ ധൈയ്യത്തെ അവർ വാഴ്ത്തി. ഖലീഫ് ഇങ്ങനെ പറഞ്ഞു. യുവാവേ, നീ ഉചിതമായ വിധത്തിൽതന്നെ മൊഴി നൾകിയിരിക്കുന്നു. ഒരു മുസ്ലിമിനു് ഉചിതമായ വിധത്തിൽതന്നെ നിങ്ങൾ സത്യം പറഞ്ഞു. ദുർവൃത്തിയെക്കുറിച്ചു് പരിതപിച്ചു ലജ്ജിക്കേണ്ടതിനുള്ള സമയം ഒട്ടും അതിക്രമിച്ചുപോയിട്ടില്ല. നിങ്ങൾ ഒരു കൊല[illegible]നാണെങ്കിലും നിങ്ങളുടെ സത്യസന്ധതയെ ഞാൻ അഭിനന്ദ[illegible]ാരോ സ്ത്രീയും പുരുഷനും ഇപ്രകാരം വത്തിക്കണമെന്നാണു് ഇസ്ലാംമതം ആവശ്യപ്പെടുന്നതു്. ഈ യുവാവിനെ മരണം സ്വാഗതം ചെയ്യുന്നെങ്കിൽതന്നെ എന്തു ദോഷം? ഒരു മുസ്ലിം ഒരിക്കലും കള്ളം പറയരുതു്. ഭീരുക്കൾ മാത്രമേ കളവു പറകയുള്ളു. അങ്ങനെയുള്ളവൻ ഫലത്തെ സംബന്ധിച്ചു ഭയപ്പെടുന്നു. ഒരു മുസ്ലിം എന്തെല്ലാമായിരുന്നാലും ഭീരുവായിരിക്കരുതു്. ഭയം എന്നുള്ളതു് ഇസ്ലാമിൻെറ നിഘണ്ഡുവിൽ കാണരുതു്. ഈ അവസരത്തിൽ നിങ്ങൾ ഒരു യഥാത്ഥ മുസ്ലിമിനെപ്പോലെ വത്തിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. അതേസമയത്തുതന്നെ എനിക്കു ഖേദവുമുണ്ടു്. നിയമാനുസരണം പ്രവത്തിക്കാതെ വേറെ മാഗ്ഗമില്ല. നിങ്ങൾ വധിക്കപ്പെടേണ്ടതായിരിക്കുന്നു. അതിനാൽ നിങ്ങളെ വധശിക്ഷയ്ക്കു വിധിച്ചിരിക്കുന്നു.

യുവാവു്:—ഖലീഫേ, അങ്ങേയ്ക്കു വ്യസനം വേണ്ട. ദൈവാഭിലാഷത്തിനു കീഴടങ്ങുന്നവനാണു ഒരു മുസ്ലിം. ഞാൻ മരിക്കണമെന്നുള്ളതു ദൈവമതമാണു്. അതിനു കീഴടങ്ങേണ്ടതത്രേ ധമ്മം. എനിക്കു് അവസാനമായി ഒരു അപേക്ഷയുണ്ടു്. എനിക്കു വീട്ടിൽ കുറെ കടം തീക്കേണ്ടതുണ്ടു്. ആ കാര്യം എന്നെ വല്ലാതെ പീഡിപ്പിക്കുന്നു. സമസൃഷ്ടികളുമായുള്ള കടമിടപാടുകൾ തീക്കാതെ ഞാൻ ദൈവസന്നിധിയിൽ എങ്ങനെ എത്തും. ഞാൻ ഒരു കൊലപാതകിയാണെന്നു പറയുമായിരിക്കാം. പക്ഷെ എനിക്കു് അസത്യവാനാണെന്നുള്ള പേരു ഇഷ്ടമില്ല. നബി മരണശയ്യയിൽ കിടക്കുമ്പോഴും ഈ കാര്യത്തിൽ പ്രത്യക്ഷമാക്കിയ ഉൽക്കണ്ഠ ഞാൻ പ്രത്യേകം ഓക്കുന്നുണ്ടു്. തിരിയെ കൊടുക്കുന്നതിനായി, അദ്ദേഹം ആക്കെങ്കിലും എന്തെങ്കിലും കൊടുക്കാനുണ്ടോ എന്നു ചോദിക്കയുണ്ടായി. ആരെ എങ്കിലും ദ്രോഹിച്ചിട്ടുണ്ടെങ്കിൽ ഇവിടെ വച്ചുതന്നെ പ്രതിവിധി അനുഷ്ഠിക്കുന്നതിനായി ആ വിവരവും അറിയണമെന്നാവശ്യപ്പെട്ടു. ഈ ലോകത്തിൽനിന്നു മറയുന്നതിനു മുമ്പുതന്നെ എല്ലാവിധ കടങ്ങളേയും തീത്തു പരിശുദ്ധമായി മരണമടയണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ പ്രത്യേക പ്രത്യാശ. ദൈവത്തിൻെറ മുമ്പാകെവച്ചു ലജ്ജിതനാകുന്നതിനേക്കാൾ മനുഷ്യൻെറ മുമ്പിൽവച്ചുതന്നെ അതു കഴിയണമെന്നായിരുന്നു അദ്ദേഹം പറയാറുള്ളതു്. ഞാൻ കടം കൊടുത്തു തീക്കാതെ ഇരിക്കയാണെങ്കിൽ ആ മഹനീയനാമത്തിനു് അതു അനുയോജമല്ലാതെയും അദ്ദേഹത്തിൻെറ നാമത്തെ മലിനപ്പെടുത്തുന്നതായും വരാം. അതിനാൽ വീടുവരെ പോയി കടങ്ങളെല്ലാം തീത്തു തിരിയെ വരുന്നതിനു അനുവദിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇതു് എൻെറ ഏകആഗ്രഹമാകുന്നു.”

ഖലീഫയും അവിടെ കൂടിയിരുന്നവരും എല്ലാം ആ യുവാവിൻെറ മഹനീയസ്വഭാവത്തിൻെറ വേറൊരു വശം കണ്ടു വളരെ സന്തോഷിച്ചു. അവർ എല്ലാം ഇങ്ങനെ അഭിപ്രായപ്പെട്ടു. “ഈ യുവാവിൻെറ സത്യസന്ധത എത്ര മഹനീയം! മരണമടുത്തിരിക്കുന്ന ആ ഘട്ടത്തിൽപോലും അദ്ദേഹത്തിൻെറ ഹൃദയത്തെ തപിപ്പിച്ചുകൊണ്ടിരിക്കുന്ന ഏകസംഗതി മനുഷ്യരോടുള്ള കടം തീക്കണമെന്നുള്ളതുമാത്രം! ഇത്രമേൽ ശ്രേഷ്ഠനായ ഇസ്ലാമിൻെറ ഒരു ദിവ്യസന്താനം മരിക്ക എന്നുള്ളതു് എ[illegible]കഷ്ടമായിട്ടുള്ളതാണു്!” എന്നാൽ അയാളെ അതിൽനിന്നു ഒഴിവാക്കുവാൻ നിവ്വാഹമില്ലായിരുന്നു. നിയമം പ്രത്യേക വ്യക്തികൾക്കുള്ളതല്ലല്ലോ. അയാൾ മരിക്കാതെ നിവ്വാഹമില്ലായിരുന്നു. പക്ഷെ, അയാളുടെ ആശ അനുവദിച്ചുകൊടുക്കേണ്ടതാണെന്നുതന്നെ അവരെല്ലാം അഭിപ്രായപ്പെട്ടു. ഒടുവിൽ ഖലീഫ് ഇങ്ങനെ പറഞ്ഞു. “അങ്ങനെതന്നെ നിങ്ങളുടെ ആഗ്രഹം അനുവദിച്ചിരിക്കുന്നു. എന്നാൽ വധശിക്ഷ നടത്തേണ്ട സമയത്തു തിരിച്ചെത്തിക്കൊള്ളാമെന്നുള്ളതിനു ആരെയെങ്കിലും ജാമ്യമായി നൾകേണ്ടതാണു്.”

യുവാവു്:—ഖലീഫയേ, എനിക്കിപ്പോൾ വാഗ്ദത്തംചെയ്യുവാനേ നിവ്വാഹമുള്ളു. ഒരു മുസ്ലിമിൻെറ വാഗ്ദത്തംതന്നെ മതിയായ ജാമ്യമാകുന്നു.

ഖ:—നിങ്ങൾ പറഞ്ഞതു ശരിതന്നെ. ഇസ്ലാമിൻെറ ഓരോ ദിവ്യസന്താനത്തിൽനിന്നു് ആശിക്കുന്നതും അതുതന്നെ. ജീവാപായംവരുന്ന ഘട്ടത്തിലും അവൻ വാഗ്ദത്തത്തെ പരിപാലിക്കുവാൻ ബദ്ധനായിരിക്കണം. എന്നാൽ നിയമാനുസരണമുള്ള നടപടികൾ തുടന്നിരിക്കണമെന്നു നിർബ്ബന്ധമുണ്ടു്. നിയമപ്രകാരം വാഗ്ദാനത്തെ ജാമ്യമായി എടുക്കുവാൻ പാടില്ല. നിങ്ങൾ ജാമ്യമായി ആരെയെങ്കിലും ഹാജരാക്കിയേതീരൂ.”

ഇതുകേട്ടപ്പോൾ യുവാവിൻെറ മുഖം മ്ലാനമായി. അയാൾ ആ പ്രദേശത്തു് കേവലം അപരിചിതനാണു്.

ഒരു അപരിചിതനുവേണ്ടി ജാമ്യംനിന്നു സ്വജീവനെ പണയംവെയ്ക്കുവാൻ വല്ലവരും തയാറാവുമോ? തന്നിമിത്തം എന്താണു ചെയ്യേണ്ടതെന്നറിയാതെ അയാൾ അവിടെത്തന്നെ നിന്നു. ഇയാൾ തിരിച്ചുവന്നില്ലെങ്കിൽ ജാമ്യക്കാരന്റെ തലപോകുന്നകാര്യം തീർച്ചയാണ്. അതുകൊണ്ട് ഈ സ്ഥലത്തു് ഇങ്ങനെ ഒരു ജാമ്യക്കാരനെ ലഭിക്കുന്നകാര്യം പ്രയാസമായി തോന്നുകയാൽ നിസ്സഹായനായി അയാൾ നാലുപുറവും നോക്കി. ആരെങ്കിലും തയാറുണ്ടോ എന്നുപോലും ചോദിക്കുവാൻ അയാൾക്കു് ധൈര്യമുണ്ടായില്ല. അയാൾ നിരാശാവശംവദനായി നിന്നു. ആ സമയത്തു കാഴ്ചക്കാരിൽ ഒരാൾ എഴുന്നേററ് എല്ലാപേർക്കും അത്ഭുതംതോന്നത്തക്കവിധത്തിൽ ഇങ്ങനെ പറഞ്ഞു. "ഖലിഫയേ ഈ യുവാവിനുവേണ്ടി ഞാൻ ജാമ്യംനിൽക്കാം". ഇങ്ങനെ എഴുന്നേററു പറഞ്ഞതു് നബിയുടെ സഹചാരികളിൽപ്രസിദ്ധനായ അബൂസർഗഫാരി എന്നആളായിരുന്നു.

യുവാവിനെ ഉടൻതന്നെ ജാമ്യത്തിൽവിട്ടു. വധശിക്ഷ അനുഭവിക്കാനായി തിരിച്ചുവരാം എന്നുള്ള ഖരാറോടുകൂടി വീട്ടിലേക്കു തിരിച്ചു. ദൈവസന്നിധിയിൽ എത്തുംമുമ്പു് മനുഷ്യനുമായുള്ള ഇടപാടുകൾ തീർന്നിരിക്കേണ്ടതാണ്. യുവാവിന്റെ ഭവനം മദിനയിൽനിന്നു് വളരെദൂരെ ആയിരുന്നു. ക്ലിപ്തസമയത്തിനുള്ളിൽതന്നെ തിരിച്ചുവരേണ്ടതായിരുന്നതിനാൽ രാത്രിയും പകലും വിശ്രമംകൂടാതെ തന്നെ കഴിവുള്ളവേഗത്തിൽ അയാൾ യാത്രതുടർന്നുകൊണ്ടേ ഇരുന്നു. ഒടുവിൽ വീട്ടിൽ എത്തി. വീട്ടുകാരെല്ലാം സന്തോഷത്തോടുകൂടി പുറമേ എത്തി. അയാളുടെ ഓമനസന്താനങ്ങൾ പിതാവിന്നു സ്വാഗതം ചെയ്യുവാനായി പടിവരെ ഓടിച്ചെന്നു. ആദ്യമായി പ്രിയപിതാവിനെ ആലിംഗനം ചെയ്യുവാൻ സാധിക്കുന്നതാർക്കായിരിക്കാം എന്നുള്ളതായിരുന്നു അവരുടെ മത്സരം. അയാളുടെ മാതാപിതാക്കന്മാരും ഭാര്യയും അയാളെ കാണുവാനായി എത്തി. മാതാവു് അയാളുടെ മൂർദ്ധാവിൽ ചുംബിച്ചു. യുവാവൊഴിച്ചു സർവ്വരും ആനന്ദസാഗരത്തിൽ ആമഗ്നരായി. എന്നാൽ ഈ സന്തോഷപ്രകടനങ്ങളെല്ലാം കുറച്ചുനേരത്തേക്കുമാത്രമേ നിലനിന്നുള്ളു. വേഗത്തിൽ ദുഃഖചിഹ്നം പ്രത്യക്ഷപ്പെട്ടു. യുവാവിൽ ആകപ്പാടെ മനോവേദന ഉത്ഭവിച്ചു പുറത്തേയ്ക്കു പുറപ്പെട്ടുതുടങ്ങി. ഇതു് മററുള്ളവരും മനസ്സിലാക്കി. ഒടുവിൽ മാതാവിങ്ങനെ ചോദിച്ചു. "നീ ഇത്രമാത്രം ദുഃഖിതനായി കാണുന്നതിനുള്ള കാരണമെന്താണു്? കാര്യം എന്തു്"? പിന്നീടു കുറച്ചുനേരത്തേക്കു് ആരും ശബ്ദിച്ചില്ല. യുവാവു് തല കൈകളിൽ താങ്ങിക്കൊണ്ടു് മുഖംകുനിച്ചിരിക്കമാത്രം ചെയ്തു. അയാളുടെ വധശിക്ഷയുടെ വർത്തമാനം അറിയിക്കുവാൻ അയാൾ ധൈര്യപ്പെട്ടില്ല. വൃദ്ധരായ മാതാപിതാക്കൾക്കു് ഇതു തീരെ സഹ്യമായില്ല. അവരുടെ പ്രിയപുത്രന്റെ മുഖത്തു് ആശങ്കയുടെ ലക്ഷണം അവർ കാണുന്നതു് ഇന്നാദ്യമായിട്ടാകുന്നു. തന്നിമിത്തം കാര്യം ഏതെങ്കിലും ഗൗരവമേറിയതാണെന്നു് അവർക്കു് ഊഹിക്കുവാൻകഴിഞ്ഞു. ഒടുവിൽ യുവാവു് പറഞ്ഞു:—"മാതാവേ നബിയുടെകാലത്തെ മുസ്ലിംകളുടെ മഹൽക്കഥകളെപ്പററി എന്നോടു പറയാറുണ്ടായിരുന്നല്ലോ! അവർ കഷ്ടപ്പാടുകളെ യാതൊരു പരാതിയും കൂടാതെ സഹിച്ചുവന്നു. അതു ദൈവാഭിലാഷമായിരുന്നു. അവർ ആ അഭിലാഷത്തിനു കീഴടങ്ങി. അവർക്കു് പല അപകടഘട്ടങ്ങളേയും തരണം ചെയ്യേണ്ടിയിരുന്നുവെങ്കിലും ഒരിക്കലും പിന്മാറിയതായി അറിവില്ല. അതു ദൈവമതമായിരുന്നു. യുദ്ധഭൂവിൽ അവർ ധൈര്യപൂർവം പോരാടി. കർത്തവ്യം എന്നു കണ്ടപ്പോൾ മൃത്യുവക്ത്രത്തിലേക്കു കുതിച്ചുചാടി നിർഭയമായുള്ള മരണം തന്നെ അവർക്കു പ്രീതികരമായിരുന്നു; ഈ കഥകൾ എല്ലാം അമ്മ എനിക്കു പറഞ്ഞുതന്നിരുന്നില്ലേ?"

ഈ കഥകളെല്ലാം യുവാവു് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ അവർ വളരെ ആശങ്കകളോടുകൂടി കേട്ടുകൊണ്ടിരിക്കയായിരുന്നു. അവർക്കു കാര്യം എന്താണെന്നറിയണമെന്നുള്ള ആശ അധികരിച്ചു. അയാൾ പറയാൻപോകുന്നതെന്തായിരിക്കാം എന്നു മനസ്സിൽ തോന്നിയതുപോലെയെല്ലാം ചിന്തിച്ചു് അവർ ഭയപ്പെട്ടു വിറച്ചുകൊണ്ടാണു് നിന്നിരുന്നതു്. യുവാവു തുടർന്നുപറഞ്ഞു. "ധൈര്യശാലികളായ മുസ്ലിം മാതാപിതാക്കന്മാരുടെ കഥയും അമ്മ എന്നോടു പറയാറുണ്ടായിരുന്നില്ലേ. കർത്തവ്യം നിർവ്വഹിക്കേണ്ടിവരുമ്പോൾ ഏതു പ്രവൃത്തികൾക്കും സ്വപുത്രരെ മാതാപിതാക്കൾ ധൈര്യമുള്ളവരാക്കിത്തീർത്തിരുന്നല്ലോ. കർത്തവ്യത്തെ നിറവേററുക, അല്ലെങ്കിൽ മരണത്തെ വരിക്കുക; എന്നതായിരിക്കണം അവരുടെ ആപ്തവാക്യം എന്നവർ പഠിപ്പിച്ചു. ഇതാ ഇപ്പോൾ നമ്മുടെ ഇസ്ലാമികസ്വഭാവത്തെ പരീക്ഷിക്കേണ്ടഘട്ടം വന്നിരിക്കുന്നു. ധൈര്യമായിരിക്ക ആവശ്യം എന്തെന്നു ഞാൻ പറയാം......"

അനന്തരം നടന്ന സംഭവങ്ങളെല്ലാം വിവരിച്ചുപറഞ്ഞശേഷം ഇങ്ങനെ തുടർന്നു "ഇവിടെ നിങ്ങളോടുകൂടി സുഖമായി താമസിക്കാമെന്നുള്ള ഉദ്ദേശത്തോടുകൂടി വന്നിട്ടുള്ള നിങ്ങളുടെ അരുമസന്താനമല്ല ഞാനിപ്പോൾ. നിങ്ങളോടു യാത്രപറഞ്ഞു പിരിയാനായി വന്നിരിക്കയാണു്. ഞാൻ പണംകൊടുക്കാനുള്ള യഹൂദനെ വരുത്തി കണക്കുകൾ പറഞ്ഞു കൊടുത്തുതീർക്കേണ്ടിയിരിക്കുന്നു. എല്ലാം തീർത്തു പറഞ്ഞ കണിശത്തിനു് അവിടെ എത്തുവാൻ ഇനി വളരെ കുറച്ചുസമയംമാത്രമുള്ളതിനാൽ വേഗത്തിൽ വേണ്ടതാണ്."

ഈ കഥകൾ കേട്ടു് മാതാപിതാക്കന്മാർ സ്തംഭിച്ചു നിന്നുപോയി. അവരുടെ കണ്ണുകളിൽനിന്നു വെള്ളം ധാരധാരയായി ഒഴുകിത്തുടങ്ങി. വളരെനേരം കഴിഞ്ഞതിനു ശേഷം മാത്രമേ അവർക്കു സംസാരിക്കാൻ ശക്തിയുണ്ടായുള്ളു. ഒടുവിൽ മാതാവിങ്ങനെ പറഞ്ഞു. "ദൈവത്തിന്റെ ഇഷ്ടംപോലെ കാര്യങ്ങൾ നടക്കേണ്ടതാണ്. തീർച്ചപ്പെടുത്തിയതു തീർച്ചതന്നെ. നീ വാഗ്ദത്തത്തെ പരിപാലിക്കു. ഒരു മുസ്ലിംമാതാവിന്റെ പുത്രൻ ജീവനെ രക്ഷിക്കാനായി പറഞ്ഞതിനു എതിരായി പ്രവർത്തിച്ചു എന്നു വരാതിരിക്കട്ടെ." കടക്കാരായ യഹൂദന്മാരെ വരുത്തി തല്ക്കാലം പണമായി കൊടുക്കുവാൻ ഇല്ലായിരുന്നതിനാൽ ഒന്നിനുപകുതി വിലവച്ചു വസ്തുക്കൾ കടക്കാർക്കു വിട്ടുകൊടുത്തു.

ഏററവും ദുഃഖകരമായുള്ള സമയം യാത്രപറയുമ്പോൾ ഉള്ളതായിരുന്നു. ഭവനത്തോടു എന്നേക്കുമായി യാത്രപറയേണ്ടതാണു്. ഇതു അത്ര എളുപ്പമായ കാര്യമല്ല. മാതാപിതാക്കന്മാർ രോദനത്താൽ കണ്ണുനീർ വർഷിച്ചുകൊണ്ടു് അവരുടെ പ്രിയപുത്രനെ ആലിംഗനംചെയ്തു. യുവാവിന്റെ ഭാര്യ ബോധമില്ലാതെ നിലംപതിച്ചു. അവൾ ബോധരഹിതയായി കിടന്ന സ്ഥലത്തേയ്ക്കു അയാൾ ചെന്നു് അവളെ സാവധാനത്തിൽ തലോടി. ഇതുവരെ ഈയാൾ ഒരുവിധത്തിൽ കഴിച്ചുകൂട്ടി. എന്നാൽ ഇതിന്റെ ഒന്നും അർത്ഥം മനസ്സിലാകാതെ നിന്നിരുന്ന സ്വസന്താനങ്ങളായ ചെറുപൈതങ്ങളെ നോക്കിയപ്പോൾ അയാളുടെ ഹൃദയം തകർന്നുതുടങ്ങി. സകല ധൈര്യവും നഷ്ടപ്പെട്ടു. അയാൾ അവിടെ ഇരുന്നു ഓരോന്നിനേയും ചുംബിക്കുവാൻതുടങ്ങി. മൂത്തകുട്ടി ഇങ്ങനെ ചോദിച്ചു. "പാ, ഉമ്മാ മരിച്ചുപോയോ. പാ പോകരുതു്. പിന്നെ ഞങ്ങളെ ചന്തയിലുംമററും കൊണ്ടുപോകാൻ ആളുവേണ്ടയോ.'' രണ്ടാമത്തെകുട്ടി കഴുത്തിൽ തൂങ്ങിക്കൊണ്ടു ഞാൻകൂടി വരുന്നു എന്നു പറഞ്ഞു. പിന്നീടു് എല്ലാ കുട്ടികളുംകൂടി കരയാൻതുടങ്ങി. മാതാവു മരിച്ചുവെന്നും, പിതാവു് അവരെ ഉപേക്ഷിച്ചുപോകുന്നുവെന്നും ചിന്തിച്ചു കരയാൻതുടങ്ങിയ ആ ചെറുപൈതങ്ങളെക്കണ്ടു് അയാൾ ഒരു നിമിഷനേരത്തേയ്ക്കു ചില വിചാരങ്ങൾക്കധീനനായി. അവനെ പിടിക്കുവാൻ പോലീസ്സുകാരാരുമില്ല. വാക്കുമാത്രം ജാമ്യമുള്ളൂ. മരുഭൂമിയുടെ നടുവിൽ താമസിക്കുന്നതിനാൽ

നിയമപാശം അവിടെ വീഴ്ത്തുവാനും തരമില്ല. വാഗ്ദത്തത്തെ പരിപാലിക്കുവാനായിക്കൊണ്ടുമാത്രം ഒരു കുടുംബത്തിലെ എന്നേക്കുമായുള്ള സൌഹാർദ്ദജീവിതത്തെ അവൻ നശിപ്പിക്കയോ? ഈ ചെറിയ കുട്ടികളെ എങ്ങനെ ദുഃഖിപ്പിക്കും? അവൻ അപരാധം ചെയ്തിരിക്കാം. അവർ നിരുപദ്രവികളല്ലേ? അവരെ എന്തിനു അനാഥരാക്കുന്നു? ഇപ്രകാരമുള്ള ചിന്താഗതിയ്ക്കിടയിൽ വലഞ്ഞ അവന്റെ അന്തരംഗത്തിൽ ഒരു വലിയ യുദ്ധം നടന്നു. ആത്മാവും ലൌകികജീവിതവും തമ്മിലായിരുന്നു പോരാട്ടം. പോരാട്ടത്തിൽ ആത്മാവിനുതന്നെ വിജയം ലഭിച്ചു. അവനിൽ ഇസ്‌ലാമികബോധം അങ്കുരിച്ചു. "നിങ്ങളുടെ ധനമാകട്ടെ കുട്ടികളാവട്ടെ നിങ്ങളെ ദൈവമാർഗ്ഗത്തിൽനിന്നു വ്യതിചലിപ്പിക്കരുതു്" എന്നുള്ള ഉപദേശം അവന്റെ ചെവികളിൽ മുഴങ്ങി. അയാൾ അവസാനമായി തീർപ്പുകല്പിച്ചു. ഒരു മുസ്‌ലിമിനു് അവന്റെ വാഗ്ദത്തം, മാതാവു്, പിതാവു്, ഭാര്യ, കുട്ടികൾ ഇവയേക്കാൾ എല്ലാം ശ്രേഷ്ഠമാകുന്നു. അവരുടെയെല്ലാം രോദനങ്ങൾക്കിടയിൽ മദീനയിലേക്കു തിരിക്കയുംചെയ്തു.

മരണത്തിനു തയാറായിക്കൊണ്ടു് മദീനയെ ലക്ഷ്യമാക്കി വളരെ വേഗത്തിൽ അയാൾ പാഞ്ഞു. അതേ അവിടെ എത്തിയാൽ മരണം നിശ്ചയമാണല്ലൊ. ഇതൊരത്ഭുതമായിത്തോന്നിയേക്കാം. ഇസ്‌ലാമിന്റെ വാഗ്ദത്തപരിപാലനത്തിനുള്ള താല്പര്യം ഒന്നു പ്രത്യേകമാണ്. ഒരിക്കൽ ചെയ്തുപോയ വാഗ്ദത്തം മരണത്തെ വരിക്കേണ്ടിവന്നാലും ലംഘിക്ക ഉചിതമല്ല. ഇസ്‌ലാംചരിത്രത്തിൽ ഇതുപോലെയുള്ള അനേക കഥകൾ നടന്നിട്ടുള്ളതാണു്. പരിശുദ്ധനബി (സ) തന്നെ ഒരിക്കൽ ആദർശമായി ഒരുദാഹരണം കാണിച്ചിട്ടുണ്ടു്. ഒരിക്കൽ അബൂജന്നൽ എന്ന ഒരാൾ മക്കയിൽവച്ചു ഇസ്‌ലാംമതം സ്വീകരിച്ചിരുന്നു. മക്കാനിവാസികൾക്കു് ഇതു സഹ്യമായില്ല. ഒരിക്കൽ അവനെ അവർ പിടിച്ചു ഉപദ്രവിച്ചശേഷം സൂക്ഷിച്ചിരുന്നു. എന്നാൽ തരംകിട്ടിയപ്പോൾ മക്കയിൽനിന്നു മദീനയിലേക്കു ഓടിക്കളഞ്ഞു. അവിടെ അവനു സ്വാഗതംലഭിക്കുമെന്നു അവനു് നല്ല നിശ്ചയമായിരുന്നു. അദ്ദേഹത്തെ പിന്തുടർന്നു ശത്രുക്കളും മദീനയിൽ എത്തി. ആ സംഭവത്തിനു് അല്പംമുമ്പു മക്കാനിവാസികളും മുസ്‌ലിംകളുമായുള്ള ഉടമ്പടിപ്രകാരം മക്കയിൽനിന്നു ഇസ്‌ലാമിലേക്കു ഇപ്രകാരം പരിവർത്തനംചെയ്യപ്പെടുന്നവരെ മക്കാനിവാസികളെ ഏല്പിക്കണമെന്നു ഒരുടമ്പടിചെയ്തിട്ടുണ്ടായിരുന്നു. ഈ സന്ധി അനുസരിച്ചു് ഈയാളിനെ വിട്ടുകൊടുക്കണമെന്നു് അവർ ആവശ്യപ്പെട്ടു ശത്രുക്കളിൽനിന്നു് ഏററ ഉപദ്രവം ഹേതുവായി അബൂജനലിന്റെ ദേഹത്തിൽനിന്നു അപ്പോഴും രക്തം ഒഴുകുന്നുണ്ടായിരുന്നു. അയാൾ ഇങ്ങനെ പറഞ്ഞു: "ഞാൻ ഇസ്‌ലാംമതം സ്വീകരിച്ചതിനു എനിക്കുലഭിച്ച അനുഭവം ഇതാണു്. ഇവിടെ എന്റെ സഹോദരന്മാരിൽനിന്നു രക്ഷ ലഭിക്കുമെന്നു വിചാരിച്ചാണു ഞാൻ ഇങ്ങോട്ടുവന്നതു്. വിഗ്രഹാരാധകന്മാരുടെയിടയിലേക്കു അവരുടെ ഉപദ്രവം സഹിക്കാനായി നിങ്ങൾ എന്നെ വീണ്ടും അയയ്ക്കുമോ?" അവിടെ കൂടിയിരുന്ന മുസ്‌ലിംസഹോദരങ്ങളോടുള്ള അഭ്യർത്ഥനയിൽ അവരുടെയെല്ലാം ഉള്ളഴിഞ്ഞുപോയി. ഒരുഭാഗത്തു് മുസ്‌ലിംകൾ ചെയ്ത സന്ധിവ്യവസ്ഥകൾ; മറുഭാഗത്തു രക്തം ഒലിക്കുന്ന അബൂജന്നലിന്റെ ദേഹം: എന്താണു് ചെയ്ക? ഈ പതനത്തിലും ഈ അവസരത്തിലും ഇസ്ലാമിന്റെ മാഹാത്മ്യംതന്നെ വിജയിയായി. അയാൾ തിരിച്ചുപോകണം. ഫലം എന്തായിരുന്നാലും ഒരു മുസ്‌ലിം അവന്റെ വാഗ്ദാനം നിറവേറേറണ്ടതാണു്".

ഇസ്‌ലാമിന്റെ ഈ ആദർശത്തെ അനുസരിക്കുന്ന യുവാവു് ഇതനുസരിച്ചുതന്നെ പ്രവർത്തിച്ചു. മരണം നിശ്ചയമായിട്ടും, നബിയുടെ ഒരു യഥാർത്ഥപിൻഗാമി പറഞ്ഞതുപോലെ പ്രവർത്തിക്കാതെ പിന്തിരികയോ. യുവാവു് മദീനയിലേക്കു വളരെ വേഗത്തിൽ ഒട്ടകത്തെ ഓടിച്ചുകൊണ്ടുതന്നെയിരുന്നു. എന്നാൽ ചില അസൌകര്യംനിമിത്തം വഴിയിൽ അല്പം താമസം നേരിട്ടു. വീണ്ടും യാത്രതുടർന്നു. മരണത്തിനുള്ള ക്ലിപ്തസമയത്തു അവൻ വഴിയിൽ യാത്രചെയ്തുകൊണ്ടിരുന്നതേയുള്ളു.

ആ സമയത്തു മദീനയിലെ പള്ളിയിൽ ജനങ്ങൾ കൂട്ടംകൂടി യുവാവിനേയും പ്രതീക്ഷിച്ചിരുപ്പായി. യുവാവിനുവേണ്ടി ജാമ്യംനിന്ന അബൂസാർഗഫാരിയും അവിടെ ഹാജരായി. നിശ്ചയിച്ചിരുന്ന സമയം കഴിഞ്ഞതിനാൽ പലർക്കും പരിഭ്രമമായി. നിരപരാധിയായ ഗഫാരി മരിക്കേണ്ടിവരുമല്ലോ എന്നായി അവിടെ കൂടിയിരുന്നവരുടെ വിചാരം. യുവാവ് ചതിച്ചുവെന്നുതന്നെ അവർ ഊഹിച്ചു. എന്നാൽ ഗഫാരി യാതൊരുവിധത്തിലും വിചാരാധീനനായില്ല "വിധിപോലെ സംഭവിക്കും. ദൈവാഭിലാഷം നടക്കട്ടെ. ഞാൻ ഭയപ്പെടുന്നില്ല. മരണത്തിനു തയാറാണു്", എന്നിങ്ങനെ അയാൾ പറഞ്ഞു. അവസാനമായി പ്രാർത്ഥനനടത്തുവാൻ സമയം കിട്ടണമെന്നൊരപേക്ഷമാത്രമെ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. അതനുവദിച്ചു. അയാൾ പ്രാർത്ഥനകഴിഞ്ഞു് വധശിക്ഷ സ്വീകരിക്കുവാൻ തയാറായി. ആ സമയത്തു ചക്രവാളത്തിന്റെ ഒററത്തു ഒരാൾ പ്രത്യക്ഷപ്പെട്ടു. അയാൾ അടുത്തുവരുന്തോറും ജനങ്ങൾ ആർത്തുകൂടി. അതു ആ യുവാവുതന്നെ എന്നു തീർച്ചയായി. അപ്പോൾ അബൂസാർ രക്ഷപെട്ടുവെന്നു വിചാരിച്ചു അവിടെ കൂടിയവർ അദ്ദേഹത്തെ അനുമോദിച്ചു. ആ സമയംകൊണ്ടു് യുവാവു് അവിടെഎത്തിച്ചേരുകയും ചെയ്തു. താമസത്തിനുള്ള കാരണം വിവരിച്ചുപറയുകയും അതിനു മാപ്പുനൽകണമെന്നപേക്ഷിക്കയും ചെയ്തു. യുവാവിന്റെ സത്യസന്ധതയേയും, അബൂസാറിന്റെ സ്വാർത്ഥത്യാഗത്തേയും അവിടെക്കൂടിയിരുന്നവർ ഒരുമിച്ചു വാഴ്ത്തി. ഖലീഫയ്ക്കു് വളരെ അനുകമ്പതോന്നി. വധത്തിനുമുമ്പു" അയാൾ കുറച്ചു വിശ്രമിക്കട്ടെ എന്നദ്ദേഹം കല്പിച്ചു. പിന്നീടു് പള്ളിയിൽകൂടിയിരുന്ന പൊതുജനങ്ങളും തോട്ടക്കാരന്റെ രണ്ടു പുത്രന്മാരും ഖലീഫയുംകൂടി ഇരുന്നുംകൊണ്ടു് അബൂസാറിനോടു്, ഈ യുവാവിനുവേണ്ടി സ്വജീവനെപ്പോലും ത്യജിക്കാൻ പ്രേരിപ്പിച്ച ശക്തി എന്താണെന്നു ചോദിച്ചു. അതിനു അബൂസാർ ഇങ്ങനെ മറുപടിപറഞ്ഞു "ഒരു പക്ഷെ ഏതെങ്കിലും ഒരു മുസ്‌ലിം അയാൾക്കു ജാമ്യംനിന്നു അയാളെ രക്ഷിക്കുമെന്നു ചിന്തിച്ചു് നിസ്സഹായനായി ഇവിടെ കൂടിയിരുന്ന മുസ്‌ലിംകളുടെ നേരെ അയാൾ നോക്കിയപ്പോൾ എനിക്കു വളരെ ലജ്ജതോന്നി. പല മുസ്‌ലിംകളും ചേർന്നിട്ടുള്ള ഒരു സ്ഥലത്തു ഒരു മുസ്‌ലിമിനെ സഹായിക്കാൻ ആളില്ലെന്നുവരാമോ, എല്ലാ മുസ്‌ലിംകളും സഹോദരങ്ങളാകുന്നു എന്നിരിക്കെ ഒരു മുസ്‌ലിമിനെ സഹായിക്കാൻ വേറൊരു മുസ്‌ലിം തയാറില്ലെന്നുവന്നാൽ ഇസ്‌ലാമികനിയമങ്ങൾ പ്രയോഗത്തിൽ വരാത്തവയാണെന്നു് വല്ലവരും പറഞ്ഞേക്കുകയില്ലയോ എന്നു ഞാൻ ശങ്കിച്ചു. എന്തുവന്നാലും ഇസ്‌ലാമിന്റെ പരിശുദ്ധയശസ്സിനെ ബാധിക്കരുതല്ലോ എന്നു വിചാരിച്ചു ഞാൻ ജാമ്യം നിന്നതാണു്." ഈ മറുപടിയിൽ എല്ലാപേരും അത്ഭുതപ്പെട്ടു. പിന്നീടു് ഖലീഫ യുവാവിനോടു തിരിഞ്ഞു് ഇങ്ങനെ ചോദിച്ചു. "നിങ്ങളുടെ വധത്തിനു് തയാറായി നിങ്ങൾ തിരിച്ചുവരുവാൻ നിങ്ങളെ പ്രേരിപ്പിച്ച ശക്തി എന്തു്?" അതിനു അയാൾ ഇങ്ങനെ ഉത്തരംപറഞ്ഞു. "അതിനു പ്രത്യേകകാരണമൊന്നുമില്ല. അപ്രകാരം പ്രവർത്തിക്കാതിരിക്കാനായി ചില ശക്തികൾ എന്നെ പ്രേരിപ്പിക്കയുണ്ടായി. നിങ്ങളാരും കാണാത്തവിധത്തിൽ എന്റെ ഭവനം മരുഭൂമിയുടെ ഉള്ളിലാണു്. എന്നെ നിർബ്ബന്ധിച്ചു പറഞ്ഞയക്കുവാൻ ആരുമില്ല. ഞാൻ ഇങ്ങോട്ടുപോരുമ്പോൾ വൃദ്ധരായ എന്റെ